(ഡി) എന്തു കൊണ്ടാണ് പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കാത്തതെന്നു വ്യക്തമാക്കുമോ ;

(ഇ) മിൽ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലത്തൂർ മോഡേൺ റൈസ് മിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) 8-6-2010 മുതൽ മിൽ പ്രവർത്തിക്കുന്നില്ല.

(സി) വെയർഹൗസിംഗ് കോർപ്പറേഷന്റെ മേൽ നോട്ടത്തിലാണ് പ്രസ്തുത മിൽ ഇപ്പോൾ ഉള്ളത്

(ഡി) പ്രവർത്തനാവശ്യമായ നെല്ല് സംഭരിച്ചു നൽകുവാനുള്ള കരാർ ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും മിൽ പ്രവർത്തിക്കുവാൻ ആവശ്യമായ നെല്ല് നിശ്ചിത അളവിലും നിശ്ചയിക്കപ്പെട്ട നിരക്കിലും സപ്ലൈ ചെയ്യുവാൻ സൊസൈറ്റിക്ക് സാധിച്ചില്ല. അതുമൂലം മിൽ പ്രവർത്തിപ്പിക്കുവാൻ സാധിച്ചില്ല. കൂടാതെ കോർപ്പറേഷനിലുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ള കോടതി ഉത്തരവ് പ്രകാരം 17-8-2010-ൽ മിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയുണ്ടായി.

(ഇ) മിൽ തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിയുമായി നടത്തിയിട്ടുണ്ട്. മിൽ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ഒഴിവുകൾ

305 (1748) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപകക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്നും, ആകെ തസ്തിക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ നിലവിൽ 63 അദ്ധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 31 അദ്ധ്യാപക തസ്തികകൾ കോളേജ് ആരംഭിച്ചകാലത്ത് കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിൽനിന്നും പടന്നക്കാട് കോളേജിലേക്ക് മാറ്റപ്പെട്ടവയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോളേജിനുവേണ്ടി സർക്കാർ 32 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ 25 സ്ഥിര അദ്ധ്യാപകർ ജോലി ചെയ്യുന്നു. അതിനുപുറമേ 10 ടീച്ചിംഗ് അസിസ്റ്റന്റുമാരെ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും സ്റ്റേഷനുകളിലുമുള്ള അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് 2010 യു.ജി.സി. റെഗുലേഷന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. സ്റ്റാറ്റ്യൂട്ടിന്റെ അംഗീകാരം ലഭിച്ചാലുടനെ ഒഴിവുകൾ നികത്താവുന്നതാണ്. പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

306 (1749) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ്-II) റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം) നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നത് ; നിലവിൽ പി.എസ്.സി.-യിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി ഉണ്ടാകാവുന്ന ഒഴിവുകൾ കണ്ടെത്തി അവ നിയമനത്തിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലി സംരക്ഷണത്തിനും കുളമ്പ് രോഗ പ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പിൽ മതിയായ രീതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി അധികമായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തത് കാരണം രോഗ ബാധിതമായ പക്ഷി-മൃഗാദികളെ അതിർത്തി കടന്ന് കേരളത്തിലേക്ക് കടത്തുന്നുവെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.